# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2453 — 09/03/2018 - ൽ മറുപടിക്ക്

### ഇ.എസ്.ഐ. കോർപ്പറേഷൻ റീഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ച നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇ.എസ്.ഐ കോർപ്പറേഷൻ അതിവിദഗ്ധ ചികിത്സകൾക്ക് വിധേയരായ തൊഴിലാളികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോർപ്പറേഷന്റെ ഈ നിലപാടുമാറ്റം കേരളത്തിലെ തൊഴിലാളികളെ ഏത് രീതിയിൽ ബാധിച്ചുവെന്നറിയിക്കാമോ; | (ബി) | വിദഗ്ധ ചികിത്സയുടെ (സ്പെഷ്യാലിറ്റി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ അനുവദിക്കുന്നത് സംസ്ഥാന സർക്കാരാണ്. 2017 ഒക്ടോബർ മാസം വരെയുള്ള ക്ലെയിമുകൾ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിവിദഗ്ധ ചികിത്സയുടെ (സൂപ്പർ സ്പെഷ്യാലിറ്റി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറാണ് അനുവദിച്ച് വന്നിരുന്നത്. എന്നാൽ അതിവിദഗ്ധ ചികിൽസയുടെ അടിയന്തിരഘട്ടത്തിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ അനുവദിക്കാൻ ബാധ്യതപ്പെട്ട സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ 2016 ജൂൺ മാസം വരെയുള്ളത് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2016 ജൂലൈ മാസം മുതലുള്ള അടിയന്തിര സാഹചര്യങ്ങളിലെ ചികിത്സയുമായി ബന്ധപ്പെട്ട റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മടക്കി നൽകി. ആയതിന്റെ ഫലമായി ഗുരുതര/ദീർഘകാല രോഗത്തിൽപ്പെട്ട രോഗികൾ തുടർ ചികിൽസ നടത്താൻ |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ടുകയാണ്. ഇത് രോഗാവസ്ഥ ഗുരുതരമാക്കാൻ ഇടയാക്കും. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നതിനും അവരുടെ കുടുംബം കടക്കെണിയിൽപ്പെടുന്നതിനും ഇത് കാരണമാകുന്നതാണ്. |
| (സി) | അതിവിദഗ്ദ്ധ ചികിൽസ നേടിയ തൊഴിലാളികളുടെ ചികിത്സാചെലവ് ലഭിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | തൊഴിലും എക്സൈസും വകുപ്പ് മന്ത്രി 2017 ഡിസംബർ മാസം ബഹു. കേന്ദ്ര തൊഴിലും എംപ്ലോയ്മെന്റും വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്യുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരുമായി ആലോചിക്കാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ച നടപടിയിൽ സർക്കാരിന്റെ അതൃപ്തി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അർദ്ധ ഔദ്യോഗിക കത്തു മുഖേന അറിയിക്കുകയും തീരുമാനം പുനഃപരിശോധിക്കണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 22.01.2018 ൽ ചേർന്ന ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ബോർഡ് യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറോട് അനുകൂല നിലപാട് സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ അനുകൂല തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ